(സി) കർണ്ണാടക സർക്കാരിന്റെ പ്രസ്തുത നിയമംമൂലം ദുരിതത്തിലായ കാസർഗോട് ഉൾപ്പെടെയുള്ള അതിർത്തി ജില്ലകളിലെ ടാക്സി ഡ്രൈവർമാരുടെ പ്രശ്നം എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു.

(സി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തെയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതുസംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. ' ക്കുടാതെ കർണ്ണാടക സർക്കാർ തീരുമാനിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽമാത്രമേ ഈ പ്രശ്നംപരിഹരിക്കുവാൻ കഴിയുകയുള്ളൂ.

വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

367 (2197) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മേൽനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷനെ സർക്കാർ നിയമിക്കുകയും കമ്മീഷൻ സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly